**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **14-01-2021 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം.കെ . മുനീർ ,<br>ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ശ്രീ . സി. മമ്മൂട്ടി | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നോക്കുകൂലി സമ്പ്രദായം നിയമം മൂലം അവസാനിപ്പിച്ചിട്ടുണ്ടോ; | (എ) | 30/04/2018 ലെ ജി.ഒ(ആർ.ടി)നമ്പർ 511/2018/ തൊഴിൽ ഉത്തരവ് പ്രകാരം, ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രവണത തുടരുന്നതായി സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായ പ്രവർത്തനങ്ങൾ കോട്ടയം, പാലക്കാട് ജില്ലകളിൽ നടന്നിട്ടുള്ളതായ പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എന്ത് നിയമനടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ? | (സി) | കോട്ടയം വൈക്കം കുന്നുംകാട്ടു കരയിൽ ഓമന ചന്ദ്രശേഖരന്റെ വീടുപണിക്കുള്ള സാധനങ്ങൾ ഇറക്കുന്നതിന് യൂണിയനുകൾ അമിത കൂലിയും ചെയ്യാത്ത ജോലിക്ക് കൂലിയും ആവശ്യപ്പെട്ടു എന്ന പരാതിയിൽ വൈക്കം അസിസ്റ്റന്റ് ലേബർ ഓഫീസർ ഇടപെടുകയും തർക്കം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി കുരിശുംമൂട് പ്രദേശത്ത് ശ്രീ.നബിൻ കോയയുടെ വീടുപണിയുമായി ബന്ധപ്പെട്ട് ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നെങ്കിലും പരാതിയിൽ ഇപ്രകാരം കൂലി ആവശ്യപ്പെട്ട തൊഴിലാളികളുടേയോ, യൂണിയന്റെയോ വിവരങ്ങൾ ഇല്ലാതിരുന്നതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പരാതിക്കാരനോട് പലതവണ ആവശ്യപ്പെട്ടിട്ടും ഹാജരാവുകയോ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിൽ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ പരിധിയിൽ ഏ.ഡി. അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ സാധനങ്ങൾ ഇറക്കിയതുമായി ബന്ധപ്പെട്ട് ചുമട്ടു |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾ ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെട്ടു എന്ന പരാതിയിൽ ഉൾപ്പെട്ട 13 തൊഴിലാളികളുടെയും ജോലി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ആലത്തൂർ ഉപകാര്യാലയം ചെയർമാൻ, ഒരു മാസത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു. ടി വിഷയത്തിൽ കാർഡ് റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഡെപ്യൂട്ടി ലേബർ ഓഫീസർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. . |

സെക്ഷൻ ഓഫീസർ